# പഴയനിയമം

# GENESIS

## ഉല്പത്തിപുസ്തകം

1 ആദിയിൽ ദൈവം ആകാശവും ഭൂമിയും
2 സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരു
ന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു.
ദൈവത്തിന്റെ ആത്മാവു വെള്ളത്തിൻ മീ
3 തെ പരിവർത്തിച്ചുകൊണ്ടിരുന്നു. വെളിച്ചം
ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം
4 ഉണ്ടായി. വെളിച്ചം നല്ലതു എന്നു ദൈവം
കണ്ടു; ദൈവം വെളിച്ചവും ഇരുളും തമ്മിൽ
5 വേർപിരിച്ചു. ദൈവം വെളിച്ചത്തിന്നു പ
കൽ എന്നും ഇരുളിന്നു രാത്രി എന്നും പേരിട്ടു.
സന്ധ്യയായി ഉഷസ്സുമായി, ഒന്നാം ദിവസം.
6 ദൈവം വെള്ളങ്ങളുടെ മദ്ധ്യേ ഒരു വിതാ
നം ഉണ്ടാകട്ടെ; അതു വെള്ളത്തിന്നും വെള്ള
ത്തിന്നും തമ്മിൽ വേർപിരിവായിരിക്കട്ടെ
7 എന്നു കല്പിച്ചു. വിതാനം ഉണ്ടാക്കീട്ടു ദൈവം
വിതാനത്തിൻ കീഴുള്ള വെള്ളവും വിതാന
ത്തിൻ മീതെയുള്ള വെള്ളവും തമ്മിൽ വേർ
8 പിരിച്ചു; അങ്ങനെ സംഭവിച്ചു. ദൈവം
വിതാനത്തിന്നു ആകാശം എന്നു പേരിട്ടു.
സന്ധ്യയായി ഉഷസ്സുമായി, രണ്ടാം ദിവസം.
9 ദൈവം: ആകാശത്തിൻ കീഴുള്ള വെള്ളം
ഒരു സ്ഥലത്തു കൂടട്ടെ; ഉണങ്ങിയ നിലം കാ
ണട്ടെ എന്നു കല്പിച്ചു; അങ്ങനെ സംഭവിച്ചു.
10 ഉണങ്ങിയ നിലത്തിന്നു ദൈവം ഭൂമി എന്നും
വെള്ളത്തിന്റെ കൂട്ടത്തിന്നു സമുദ്രം എന്നും
11 പേരിട്ടു; നല്ലതു എന്നു ദൈവം കണ്ടു. ഭൂമി
യിൽനിന്നു പുല്ലും വിത്തുള്ള സസ്യങ്ങളും ഭൂമി
യിൽ അതതു തരം വിത്തുള്ള ഫലം കായിക്കുന്ന
വൃക്ഷങ്ങളും മുളെച്ചുവരട്ടെ എന്നു ദൈവം
12 കല്പിച്ചു; അങ്ങനെ സംഭവിച്ചു. ഭൂമിയിൽ
നിന്നു പുല്ലും അതതു തരം വിത്തുള്ള ഫലം
കായിക്കുന്ന വൃക്ഷങ്ങളും മുളെച്ചുവന്നു; നല്ലതു
13 എന്നു ദൈവം കണ്ടു. സന്ധ്യയായി ഉഷസ്സു
മായി, മൂന്നാം ദിവസം.
14 പകലും രാവും തമ്മിൽ വേർപിരിവാൻ
ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാ
കട്ടെ; അവ അടയാളങ്ങളായും കാലം, ദിവ
സം, സംവത്സരം എന്നിവ തിരിച്ചറിവാനായും
ഉതകട്ടെ; ഭൂമിയെ പ്രകാശിപ്പിപ്പാൻ ആകാ 15
ശവിതാനത്തിൽ അവ വെളിച്ചങ്ങളായിരി
ക്കട്ടെ എന്നു ദൈവം കല്പിച്ചു; അങ്ങനെ സംഭ
വിച്ചു. പകൽ വാഴേണ്ടതിന്നു വലിപ്പമേ 16
റിയ വെളിച്ചവും രാത്രി വാഴേണ്ടതിന്നു വലി
പ്പം കുറഞ്ഞ വെളിച്ചവും ആയി രണ്ടു വലിയ
വെളിച്ചങ്ങളെ ദൈവം ഉണ്ടാക്കി, നക്ഷത്ര
ങ്ങളെയും ഉണ്ടാക്കി. ഭൂമിയെ പ്രകാശിപ്പി 17
പ്പാനും പകലും രാത്രിയും വാഴുവാനും വെളി
ച്ചത്തെയും ഇരുളിനെയും തമ്മിൽ വേർപിരി
പ്പാനുമായി ദൈവം അവയെ ആകാശവി 18
താനത്തിൽ നിർത്തി; നല്ലതു എന്നു ദൈവം
കണ്ടു. സന്ധ്യയായി ഉഷസ്സുമായി, നാലാം 19
ദിവസം.
വെള്ളത്തിൽ ജലജന്തുക്കൾ കൂട്ടമായി ജനി 20
ക്കട്ടെ; ഭൂമിയുടെ മീതെ ആകാശവിതാന
ത്തിൽ പറവജാതി പറക്കട്ടെ എന്നു ദൈവം
കല്പിച്ചു. ദൈവം വലിയ തിമിംഗലങ്ങളെ 21
യും വെള്ളത്തിൽ കൂട്ടമായി ജനിച്ചു ചരിക്കുന്ന
അതതുതരം ജീവജന്തുക്കളെയും അതതു തരം
പറവജാതിയെയും സൃഷ്ടിച്ചു; നല്ലതു എന്നു
ദൈവം കണ്ടു. നിങ്ങൾ വർദ്ധിച്ചു പെരുകി 22
സമുദ്രത്തിലെ വെള്ളത്തിൽ നിറവിൻ; പറ
വജാതി ഭൂമിയിൽ പെരുകട്ടെ എന്നു കല്പിച്ചു
ദൈവം അവയെ അനുഗ്രഹിച്ചു. സന്ധ്യ 23
യായി ഉഷസ്സുമായി, അഞ്ചാം ദിവസം.
അതതുതരം കന്നുകാലി, ഇഴജാതി, കാട്ടു 24
മൃഗം ഇങ്ങനെ അതതു തരം ജീവജന്തുക്കൾ
ഭൂമിയിൽനിന്നു ഉളവാകട്ടെ എന്നു ദൈവം
കല്പിച്ചു; അങ്ങനെ സംഭവിച്ചു. ഇങ്ങനെ 25
ദൈവം അതതു തരം കാട്ടുമൃഗങ്ങളെയും അ
തതു തരം കന്നുകാലികളെയും അതതു തരം
ഭൂചരജന്തുക്കളെയും ഉണ്ടാക്കി; നല്ലതു എന്നു
ദൈവം കണ്ടു. അനന്തരം ദൈവം: നാം 26

നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യ
പ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ
സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തി
ലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും
സൎവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ
ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.
27 ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ
മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വ
രൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെ
28 ണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവ
രെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടി
യുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു
അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തി
ന്മേലും ആകാശത്തിലെ പറവജാതിയിന്മേ
ലും സകലഭൂചരജന്തുവിന്മേലും വാഴുവിൻ
29 എന്നു അവരോടു കല്പിച്ചു. ഭൂമിയിൽ എങ്ങും
വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തു
ള്ള ഫലം കായ്ക്കുന്ന സകലവൃക്ഷങ്ങളും ഇതാ,
ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു; അവ നി
30 ങ്ങൾക്കു ആഹാരമായിരിക്കട്ടെ; ഭൂമിയിലെ
സകലമൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ
പറവകൾക്കും ഭൂമിയിൽ ചരിക്കുന്ന സകല
ഭൂചരജന്തുക്കൾക്കും ആഹാരമായിട്ടു പച്ചസ
സ്യം ഒക്കെയും ഞാൻ കൊടുത്തിരിക്കുന്നു
എന്നു ദൈവം കല്പിച്ചു; അങ്ങനെ സംഭ
31 വിച്ചു. താൻ ഉണ്ടാക്കിയതിനെ ഒക്കെയും
ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു
കണ്ടു. സന്ധ്യയായി ഉഷസ്സുമായി, ആറാം
ദിവസം.

2 ഇങ്ങനെ ആകാശവും ഭൂമിയും അവയി
ലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു.
2 താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം
തീൎത്തശേഷം താൻ ചെയ്ത സകലപ്രവൃത്തി
യിൽനിന്നും ഏഴാം ദിവസം നിവൃത്തനായി
3 താൻ സൃഷ്ടിച്ചുണ്ടാക്കിയ സകലപ്രവൃത്തി
യിൽനിന്നും അന്നു നിവൃത്തനായതുകൊണ്ടു
ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു
ശുദ്ധീകരിച്ചു.
4 യഹോവയായ ദൈവം ഭൂമിയും ആകാശ
വും സൃഷ്ടിച്ച നാളിൽ ആകാശവും ഭൂമിയും
സൃഷ്ടിച്ചതിന്റെ ഉല്പത്തിവിവരം: വയലി
ലെ ചെടി ഒന്നും അതുവരെ ഭൂമിയിൽ ഉണ്ടാ
യിരുന്നില്ല; വയലിലെ സസ്യം ഒന്നും മുളെ
5 ച്ചിരുന്നതുമില്ല. യഹോവയായ ദൈവം ഭൂമി
യിൽ മഴ പെയ്യിച്ചിരുന്നില്ല; നിലത്തു വേല
6 ചെയ്‌വാൻ മനുഷ്യനും ഉണ്ടായിരുന്നില്ല. ഭൂമി
യിൽനിന്നു മഞ്ഞു പൊങ്ങി, നിലം ഒക്കെയും
7 നനെച്ചുവന്നു. യഹോവയായ ദൈവം നില
ത്തെ പൊടികൊണ്ടു മനുഷ്യനെ നിൎമ്മിച്ചിട്ടു
അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനു
8 ഷ്യൻ ജീവനുള്ള ദേഹിയായി തീൎന്നു. അന
ന്തരം യഹോവയായ ദൈവം കിഴക്കു ഏദെ
നിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച
മനുഷ്യനെ അവിടെ ആക്കി. കാണ്മാൻ 9
ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ
ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ
ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറി
വിന്റെ വൃക്ഷവും യഹോവയായ ദൈവം
നിലത്തുനിന്നു മുളെപ്പിച്ചു. തോട്ടം നനെ 10
പ്പാൻ ഒരു നദി ഏദെനിൽനിന്നു പുറപ്പെട്ടു;
അതു അവിടെനിന്നു നാലു ശാഖയായി പിരി
ഞ്ഞു. ഒന്നാമത്തേതിന്നു പീശോൻ എന്നു 11
പേർ; അതു ഹവീലാദേശമൊക്കെയും ചുററു
ന്നു; അവിടെ പൊന്നുണ്ടു. ആ ദേശത്തി 12
ലെ പൊന്നു മേത്തരമാകുന്നു; അവിടെ ഗുല്ഗു
ലുവും ഗോമേദകവും ഉണ്ടു. രണ്ടാം നദിക്കു 13
ഗീഹോൻ എന്നു പേർ; അതു കൂശ്ദേശമൊ
ക്കെയും ചുററുന്നു. മൂന്നാം നദിക്കു ഹിദ്ദേ 14
ക്കെൽ എന്നു പേർ; അതു അശ്ശൂരിന്നു കിഴ
ക്കോട്ടു ഒഴുകുന്നു; നാലാം നദി ഫ്രാത്ത് ആകു
ന്നു. യഹോവയായ ദൈവം മനുഷ്യനെ 15
കൂട്ടിക്കൊണ്ടു പോയി ഏദെൻതോട്ടത്തിൽ
വേല ചെയ്‌വാനും അതിനെ കാപ്പാനും അവി
ടെ ആക്കി. യഹോവയായ ദൈവം മനു 16
ഷ്യനോടു കല്പിച്ചതു എന്തെന്നാൽ: തോട്ടത്തി
ലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്കു
ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മക 17
ളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫ
ലം തിന്നരുതു; തിന്നുന്ന നാളിൽ നീ മരിക്കും.
അനന്തരം യഹോവയായ ദൈവം: മനു 18
ഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ
അവന്നു തക്കതായൊരു തുണ ഉണ്ടാക്കിക്കൊ
ടുക്കും എന്നു അരുളിച്ചെയ്തു. യഹോവയായ 19
ദൈവം ഭൂമിയിലെ സകലമൃഗങ്ങളെയും ആ
കാശത്തിലെ എല്ലാ പറവകളെയും നിലത്തു
നിന്നു നിൎമ്മിച്ചിട്ടു മനുഷ്യൻ അവെക്കു എന്തു
പേരിടുമെന്നു കാണ്മാൻ അവന്റെ മുമ്പിൽ
വരുത്തി; സകലജീവജന്തുക്കൾക്കും മനുഷ്യൻ
ഇട്ടതു അവെക്കു പേരായി; മനുഷ്യൻ എല്ലാ 20
കന്നുകാലികൾക്കും ആകാശത്തിലെ പറവ
കൾക്കും എല്ലാ കാട്ടുമൃഗങ്ങൾക്കും പേരിട്ടു; എ
ങ്കിലും മനുഷ്യന്നു തക്കതായൊരു തുണ കണ്ടു
കിട്ടിയില്ല. ആകയാൽ യഹോവയായ ദൈ 21
വം മനുഷ്യന്നു ഒരു ഗാഢനിദ്ര വരുത്തി;
അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരി
യെല്ലുകളിൽ ഒന്നു എടുത്തു അതിന്നു പകരം
മാംസം പിടിപ്പിച്ചു. യഹോവയായ ദൈ 22
വം മനുഷ്യനിൽനിന്നു എടുത്ത വാരിയെല്ലി
നെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ
അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനു 23
ഷ്യൻ; ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ
നിന്നു അസ്ഥിയും എന്റെ മാംസത്തിൽനിന്നു
മാംസവും ആകുന്നു. ഇവളെ നരനിൽനിന്നു
എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു

24 പേരാകം എന്നു പറഞ്ഞു. അതുകൊണ്ടു പു
രുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരി
ഞ്ഞു ഭാൎയ്യയോടു പറ്റിച്ചേരും; അവർ ഏക
25 ദേഹമായി തീരും. മനുഷ്യനും ഭാൎയ്യയും ഇരു
വരും നഗ്നരായിരുന്നു; അവൎക്കു നാണം തോ
ന്നിയില്ലതാനും.

3 യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ
കാട്ടുജന്തുക്കളെക്കാളും പാമ്പു കൌശലമേറി
യതായിരുന്നു. അതു സ്ത്രീയോടു: തോട്ടത്തി
ലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നി
ങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി
2 കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. സ്ത്രീ പാ
മ്പിനോടു: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം
3 ഞങ്ങൾക്കു തിന്നാം; എന്നാൽ നിങ്ങൾ മരി
ക്കാതിരിക്കേണ്ടതിന്നു തോട്ടത്തിന്റെ നടുവി
ലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതു, തൊ
ടുകയും അരുതു എന്നു ദൈവം കല്പിച്ചിട്ടുണ്ടു
4 എന്നു പറഞ്ഞു. പാമ്പു സ്ത്രീയോടു: നിങ്ങൾ
5 മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ
നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതി
ന്മകളെ അറിയുന്നവരായി ദൈവത്തെപ്പോ
ലെ ആകയും ചെയ്യും എന്നു ദൈവം അറി
6 യുന്നു എന്നു പറഞ്ഞു. ആ വൃക്ഷഫലം തി
ന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാ
നം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു
ഫലം പറിച്ചു തിന്നു ഭൎത്താവിന്നും കൊടുത്തു;
7 അവനും തിന്നു. ഉടനെ ഇരുവരുടെയും
കണ്ണു തുറന്നു തങ്ങൾ നഗ്നരെന്നു അറിഞ്ഞു,
അത്തിയില കൂട്ടിത്തുന്നി തങ്ങൾക്കു അരയാട
8 ഉണ്ടാക്കി. വെയിലാറിയപ്പോൾ യഹോവ
യായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച
അവർ കേട്ടു; മനുഷ്യനും ഭാൎയ്യയും യഹോ
വയായ ദൈവം തങ്ങളെ കാണാതിരിപ്പാൻ
തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു.
9 യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു:
10 നീ എവിടെ എന്നു ചോദിച്ചു. തോട്ടത്തിൽ
നിന്റെ ഒച്ച കേട്ടിട്ടു ഞാൻ നഗ്നനാകകൊ
ണ്ടു ഭയപ്പെട്ടു ഒളിച്ചു എന്നു അവൻ പറഞ്ഞു.
11 നീ നഗ്നനെന്നു നിന്നോടു ആർ പറഞ്ഞു?
തിന്നരുതെന്നു ഞാൻ നിന്നോടു കല്പിച്ച വൃ
ക്ഷഫലം നീ തിന്നുവോ എന്നു അവൻ ചോ
12 ദിച്ചു. അതിന്നു മനുഷ്യൻ: എന്നോടു കൂടെ
ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം
തന്നു; ഞാൻ തിന്നുകയും ചെയ്തു എന്നു പറ
13 ഞ്ഞു. യഹോവയായ ദൈവം സ്ത്രീയോടു:
നീ ഈ ചെയ്തതു എന്തു എന്നു ചോദിച്ചതിന്നു:
പാമ്പു എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി
14 എന്നു സ്ത്രീ പറഞ്ഞു. യഹോവയായ ദൈവം
പാമ്പിനോടു കല്പിച്ചതു: നീ ഇതു ചെയ്കകൊ
ണ്ടു എല്ലാ കന്നുകാലികളിലും എല്ലാ കാട്ടുമൃഗങ്ങ
ളിലുംവെച്ചു നീ ശപിക്കപ്പെട്ടിരിക്കുന്നു; നീ
ഉരസ്സുകൊണ്ടു ഗമിച്ചു നിന്റെ ആയുഷ്കാല
മൊക്കെയും പൊടി തിന്നും. ഞാൻ നിനക്കും 15
സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സ
ന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അ
വൻ നിന്റെ തല തകൎക്കും; നീ അവന്റെ
കുതികാൽ തകൎക്കും. സ്ത്രീയോടു കല്പിച്ചതു: 16
ഞാൻ നിനക്കു കഷ്ടവും ഗൎഭധാരണവും ഏ
റ്റവും വൎദ്ധിപ്പിക്കും; നീ വേദനയോടെ
മക്കളെ പ്രസവിക്കും; നിന്റെ ആഗ്രഹം
നിന്റെ ഭൎത്താവിനോടു ആകും; അവൻ നി
ന്നെ ഭരിക്കും. മനുഷ്യനോടു കല്പിച്ചതോ: 17
നീ നിന്റെ ഭാൎയ്യയുടെ വാക്കു അനുസരിക്ക
യും തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം
തിന്നുകയും ചെയ്തതുകൊണ്ടു നിന്റെ നിമി
ത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു; നിന്റെ
ആയുഷ്കാലമൊക്കെയും നീ കഷ്ടതയോടെ അ
തിൽനിന്നു അഹോവൃത്തി കഴിക്കും. മുള്ളും 18
പറക്കാരയും നിനക്കു അതിൽനിന്നു മുളെക്കും;
വയലിലെ സസ്യം നിനക്കു ആഹാരമാകും.
നിലത്തുനിന്നു നിന്നെ എടുത്തിരിക്കുന്നു; അ 19
തിൽ തിരികെ ചേരുവോളം മുഖത്തെ വിയ
ൎപ്പോടെ നീ ഉപജീവനം കഴിക്കും; നീ പൊ
ടിയാകുന്നു, പൊടിയിൽ തിരികെ ചേരും.
മനുഷ്യൻ തന്റെ ഭാൎയ്യെക്കു ഹവ്വാ എന്നു പേ 20
രിട്ടു; അവൾ ജീവനുള്ളവൎക്കെല്ലാം മാതാവ
ല്ലോ. യഹോവയായ ദൈവം ആദാമിന്നും 21
അവന്റെ ഭാൎയ്യെക്കും തോൽകൊണ്ടു ഉടുപ്പു
ഉണ്ടാക്കി അവരെ ഉടുപ്പിച്ചു.

യഹോവയായ ദൈവം: മനുഷ്യൻ നന്മ 22
തിന്മകളെ അറിവാൻ തക്കവണ്ണം നമ്മിൽ
ഒരുത്തനെപ്പോലെ ആയിത്തീൎന്നിരിക്കുന്നു;
ഇപ്പോൾ അവൻ കൈനീട്ടി ജീവവൃക്ഷത്തി
ന്റെ ഫലംകൂടെ പറിച്ചു തിന്നു എന്നേക്കും
ജീവിപ്പാൻ സംഗതി വരരുതു എന്നു കല്പിച്ചു.
അവനെ എടുത്തിരുന്ന നിലത്തു കൃഷി ചെ 23
യ്യേണ്ടതിന്നു യഹോവയായ ദൈവം അവ
നെ ഏദെൻതോട്ടത്തിൽനിന്നു പുറത്താക്കി.
ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കള 24
ഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി
കാപ്പാൻ അവൻ ഏദെൻതോട്ടത്തിന്നു കിഴക്കു
കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാ
ളിന്റെ ജ്വാലയുമായി നിൎത്തി.

**THE HOLY BIBLE**
in
Malayalam (O.V)
57 Leather binding
ISBN 962 327 112 3
Printed in Seoul, Korea
57-3M-1992
Published by
United Bible Societies
Asia-Pacific Regional Centre
Hong Kong